**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **06-10-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വേണ്ട ചെലവിന്റെ നാല്പത് ശതമാനത്തോളം മാത്രം ഈടാക്കി കേരള വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നത് സ്ഥാപനത്തിന്റെ പ്രവർത്തന ക്ഷമതയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കേരള ജല അതോറിറ്റി അതിന്റെ ഉത്ഭവ കാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിനു ഒരു പരിധി വരെ സഹായകരമാകുന്നത്. കുടിവെള്ള വിതരണത്തിനു വേണ്ടിയുള്ള ചെലവുകൾ വഹിക്കാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് വർഷാവർഷം പദ്ധതിയേതര ഗ്രാന്റ് ഇനത്തിൽ തുക അനുവദിക്കാറുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഗ്രാന്റ് ഇനത്തിൽ സർക്കാർ കേരള വാട്ടർ അതോറിറ്റിയ്ക്ക് ബഡ്ജറ്റിൽ 321.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി സർക്കാർ എല്ലാ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. കൂടാതെ സ്കീമുകൾ നടപ്പിലാക്കാൻ കിഫ്ബിയിൽ നിന്നും തുക വകയിരുത്താറുണ്ട്. കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 2016-17 ബജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതി തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. 30.9.2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബിയ്ക്ക് നൽകുവാനുള്ള 1326.69 കോടി രൂപ സർക്കാർ തലത്തിൽ 4 വർഷമായി തീർപ്പാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ പകുതിയിലധികം വിതരണ ശൃംഖലയിലെ ചോർച്ച, | (ബി) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40 - 45% വരുമാനരഹിത ജലം |

ജലമോഷണം, പ്രവർത്തനരഹിതമായ മീറ്ററുകൾ എന്നിവ കാരണം നഷ്ടപ്പെടുന്നത് പരിഹരിച്ചാൽ കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി കാര്യമായി മെച്ചപ്പെടുമെന്നതിനാൽ അതിനായി കാര്യക്ഷമമായ നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

ആയാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റും ഉള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾ കൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതു മൂലമുള്ള നഷ്ടവും ( വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. വരുമാന രഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ആദ്യപടിയായി നഷ്ടം കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ആയതിനായി ഉൽപ്പാദന കേന്ദ്രങ്ങളിലും പ്രധാന വിതരണ ലൈനുകളിലും ബൾക്ക് വാട്ടർ മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആയത് ഘട്ടംഘട്ടമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രധാന പൈപ്പ് ലൈനുകളിലും ഉപലൈനുകളിലും ഭൂമിയുടെ മുകൾത്തട്ടിലേക്ക് വരാതെ മണ്ണിനടിയിൽ ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി വരുന്നു. കൂടാതെ പ്രധാന ലൈനുകളിൽ ഫ്ലോമീറ്റർ ഉപയോഗിച്ച് ജലത്തിന്റെ അളവ് നിർണ്ണയിച്ചു ലീക്ക് കണ്ടുപിടിക്കുന്ന മാർഗവും സ്വീകരിക്കാറുണ്ട്. ഇത്തരം സാധ്യത വിപുലപ്പെടുത്തുന്നതിനായി എല്ലാ റീജിയനുകളിലും ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവെയ്‌ലൻസ് സ്ക്വാഡ് രൂപീകരിക്കുവാനുള്ള ആലോചനയുണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ലീക്കുകൾ അടിയന്തരമായി പരിഹരിക്കുവാനും സംവിധാനമുണ്ട്. പൊതുജനങ്ങൾക്കു ഇത്തരം പരാതികൾ രജിസ്റ്റർ ചെയ്യുവാനും ലീക്കുകൾ പരിഹരിക്കുന്നത് വരെ നിരീക്ഷിക്കുവാനായി കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ നഷ്ടത്തിന്റെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഒരു മീറ്റർ പോളിസി രൂപീകരിച്ചിട്ടുണ്ട്. ജലമോഷണം കണ്ടെത്തുന്നതിന് നിലവിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ മാതൃകയിൽ തിരുവനന്തപുരം കോഴിക്കോട് എന്നിവിടങ്ങളിൽ സ്ക്വാഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ജല മോഷണം തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ കൂടി സ്വീകരിച്ചുവരുന്നു. 1. ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ സേവനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക 2. ദുർവ്യയം ശ്രദ്ധയിൽപ്പെടുന്ന പൊതുടാപ്പുകൾ തദ്ദേശസ്വയംഭരണ

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ അനുമതിയോടെ നീക്കം ചെയ്യുന്നുണ്ട്. 3. ഗാർഹിക വാട്ടർ കണക്ഷൻ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉയർന്ന ചാർജ്ജ് ഈടാക്കുകയും കണക്ഷൻ ഗാർഹികേതര വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നു. 4. പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ മീറ്ററുകൾ ഉള്ള സ്ഥലങ്ങളിൽ ദുരുപയോഗത്തിനുള്ള സാധ്യത കൂടുതലായതിനാൽ സമയബന്ധിതമായി മാറ്റി വയ്ക്കുവാൻ നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. 5. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിൽ പ്രാദേശിക സാഹചര്യം അനുസരിച്ച് കൂടുതൽ ജലം ഉപയോഗിക്കുന്ന വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും പുതിയ കണക്ഷൻ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നു. |
| (സി) | കാലപ്പഴക്കം ചെന്ന വിതരണ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കാൻ പദ്ധതിയുണ്ടോയെന്നും ശുദ്ധീകരിച്ച ജലത്തിന്റെ ദുർവ്യയം, ദുരുപയോഗം എന്നിവ തടയാൻ നടപടി സ്വീകരിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ? | (സി) | പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിങ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കി വരുന്നു. കൂടാതെ കുടിവെള്ളം പാഴാകുന്നതു തടയുന്നതിനായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പിലാക്കി വരുന്നു. അമൃത്, കിഫ്ബി പദ്ധതികൾ വഴിയും സർക്കാരിൽനിന്നും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തിയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ നഗരസഭ, മുനിസിപ്പാലിറ്റി പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തിയും വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. ഇതുവഴി വിതരണ ശൃംഖല ഘട്ടം ഘട്ടമായി പുനരുദ്ധരിച്ച് ജലനഷ്ടം കുറയ്ക്കുന്നുണ്ട്. ഇതു കൂടാതെ എ.ഡി.ബി.യുടെ ധനസഹായത്തോടെ തിരുവനന്തപുരം,കൊച്ചി എന്നീ നഗരങ്ങളിൽ 24*7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്റ്റ് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലച്ചോർച്ച ദേശീയ ബെഞ്ച്മാർക്ക് നിലവാരമായ 20% ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. ജലമോഷണം, |

| | | | |
|---|---|---|---|
| | | | ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിൽ എത്തിച്ച് അവബോധം നൽകാറുണ്ട്. കൂടാതെ  ജല ദുർവ്യയം ഒഴിവാക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൈപ്പുസ്തകം, ലഘുലേഖകൾ തുടങ്ങിയവ മുഖേനയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ